**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3327   19.06.2018 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ പോർട്ടൽ**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ പോർട്ടൽ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും തെറ്റായ പ്രവണതകളും പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നതിൽ വിജയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഓൺലൈനായി അപേക്ഷിച്ചതിനു ശേഷം ആയതിന്റെ പകർപ്പുമായി അപേക്ഷകൻ മോട്ടോർ വെഹിക്കിൾ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിലുള്ള കേന്ദ്രമോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഓൺ ലൈനായി അപേക്ഷിച്ച ശേഷം വാഹനത്തിന്റെ അസ്സൽ രേഖകൾ ഓഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി ഓൺലൈൻ അപേക്ഷയുടെ ശരിയായി പൂർത്തീകരിച്ച പകർപ്പുകളും മറ്റ് രേഖകളും തപാലിൽ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഓൺ ലൈനിൽ ഫീസടച്ച അപേക്ഷ അസ്സൽ രേഖകൾ സഹിതം നിർദ്ദിഷ്ട സമയപരിധി ക്കുള്ളിൽ രജിസ്റ്റേഡ് തപാലിൽ അയച്ചാൽ സ്വീകരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെ ടുത്തിയിട്ടുണ്ട്. |
| (ഡി) | അപേക്ഷകൻ നിർബന്ധമായും നേരിട്ട് ഹാജരാകേണ്ട സാഹചര്യങ്ങളിലൊഴികെ, ഓൺലൈനായി അപേക്ഷ നൽകിയ ശേഷം അപേക്ഷകൻ നേരിട്ട് ആർ.ടി.ഒ. യിൽ പോകേണ്ട സാഹചര്യം ഒഴിവാക്കുന്ന തിന് നടപടി സ്വീകരിക്കുമോ? | (ഡി) | അപേക്ഷകൻ നിർബന്ധമായും നേരിട്ട് ഹാജരാ കേണ്ട സാഹചര്യങ്ങളിലൊഴികെ തന്റെ ഒപ്പിട്ട അനുമതിപത്രവും തന്റെ രേഖകൾ വാങ്ങാൻ ചുമതല പ്പെടുത്തുന്ന ബന്ധുവിന്റെ ഫോട്ടോ പതിച്ച അസ്സൽ/സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖ യുമായി ചുമതലപ്പെടുത്തുന്ന വ്യക്തി ഓഫീസിൽ നേരിട്ട് ഹാജരായാൽ അപേക്ഷ സ്വീകരിക്ക ണമെന്ന് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുക ൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**